**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4109** **28-06-2024-ൽ മറുപടിയ്ക്ക്**

**<u>ഇന്റേൺഷിപ്പ് ട്രെയിനിംഗ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** 20.07.2021-ലെ സ.ഉ. (സാധാ) 1520/2021/ആ.കു.വ. പ്രകാരം അംഗീകൃത സ്വാശ്രയ പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് തൃശ്ശൂർ ജില്ലയിലുള്ള ഏതൊക്കെ സർക്കാർ ആശുപത്രികളിൽ ഇന്റേൺഷിപ്പ് ട്രെയിനിംഗ് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u> തൃശ്ശൂർ ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ 20/07/2024-ലെ സ.ഉ(സാധാ) 1520/2021/ ആ.കു.വ പ്രകാരം നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് താലൂക്ക് ആസ്ഥാന ആശുപത്രി, കൊടുങ്ങല്ലൂർ, ചാലക്കുടി, ചാവക്കാട്, കുന്നംകുളം, ചേലക്കര, പുതുക്കാട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി, ജനറൽ ആശുപത്രി, തൃശ്ശൂർ, ഇരിങ്ങാലക്കുട എന്നീ മേജർ സ്ഥാപനങ്ങളിലും വെള്ളാനിക്കര, മുല്ലശ്ശേരി, പഴഞ്ഞി തുടങ്ങിയ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പാരാമെഡിക്കൽ വിഭാഗത്തിന്റെ ഇന്റേൺഷിപ്പ് ട്രെയിനിംഗിന് അനുമതി നൽകിയിട്ടുണ്ട്.**

**(ബി)** വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകാനും ആശുപത്രികൾക്ക് മെച്ചപ്പെട്ട സേവനം നൽകാനും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾക്ക് ആശുപത്രി വികസനത്തിന് ഫണ്ട് കണ്ടെത്താനും സാധിക്കുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് എല്ലാ ആശുപത്രികളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** 20/07/2021-ലെ സ.ഉ (സാധാ) 1520/2021/ആ.കു.വ പ്രകാരം ആരോഗ്യവകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കിവരുന്നുണ്ട്.

**(സി)** ട്രെയിനിംഗ് നൽകുന്നതിന് യോഗ്യരായ ജീവനക്കാർ ഉണ്ടായിട്ടും സർക്കാർ ജീവനക്കാരായവർ ഇല്ലാത്തതിന്റെ പേരിൽ ഇന്റേൺഷിപ്പ് ട്രെയിനിംഗ് അനുവദിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിരം ജീവനക്കാരില്ലാത്ത ആശുപത്രികളിൽ ഇന്റേൺഷിപ്പ് ട്രെയിനിംഗ് നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സ്ഥിരം ജീവനക്കാരില്ലാത്ത ആശുപത്രികളിൽ ഇന്റേൺഷിപ്പ് ട്രെയിനിംഗ് നൽകുന്നതിന് നിലവിൽ അനുമതി നൽകാറില്ല.

**സെക്ഷൻ ഓഫീസർ**